അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളുകൾ

81 (4022) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. നാണു :
ശ്രീ. കെ. അച്ചുതൻ :
ശ്രീമതി മെഴ്സി രവി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്കൂളുകളിൽ ഏത് വരെയുള്ള ക്ലാസുകളുണ്ട് ;

(സി) ഈ സ്കൂളുകളിൽ പഠിക്കുന്നവരുടെ വിദ്യാഭ്യാസ ചെലവുകൾ വഹിക്കുന്നതാരാണ് ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടാത്ത കുട്ടികൾക്ക് ഇവിടെ പ്രവേശനം നൽകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 7 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 18 റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പാലക്കാട് ജില്ലകളിലെ എം. ആർ. എസുകളിൽ 10-ാം ക്ലാസ്സും, തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ 8-ാം ക്ലാസും, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ 6-ാം ക്ലാസും പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കട്ടേലയിലും നല്ലൂർനാട്ടിലും പ്രവർത്തിക്കുന്ന ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 5-ാം ക്ലാസ് പ്ലസ് ടു വരെ നിലവിലുണ്ട്. ബാക്കിയുള്ള എം.ആർ.എസുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ.

(ഡി) 10% സീറ്റുകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇതര ജാതിക്കാർക്ക് പ്രവേശനം നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly